**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4071 24.08.2017 ൽ മറുപടിയ്ക്ക്**

**ലഹരി മരുന്നുകളുടെ ഉപയോഗം കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ ഉപയോഗം കുറയ്ക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (എ) | നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തി വരുന്നു. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ബോർഡർ/ റോഡ് പെട്രോളിംഗ് യൂണിറ്റുകളുടെ പരിശോധന കർശനമാക്കിയിട്ടുമുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്.<br>എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്- കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി. എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നതുമാണ്. വ്യാജമദ്യം, മയക്ക് മരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./ എം.&റ്റി.പി./ കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതു ജനങ്ങളിൽ നിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിത |

മായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ

ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും വിമുക്തി മിഷന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയ നിലവാരത്തിലുള്ള, പുനരധിവാസ സൗകര്യത്തോടു കൂടിയ, ഒരു സംസ്ഥാനതല മാതൃകാ ലഹരി വിമോചന കേന്ദ്രം സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരു

| | | | |
|---|---|---|---|
| | | | ന്നു.<br><br>സംസ്ഥാനത്ത് അംഗീകൃത മദ്യത്തിന്റെ ലഭ്യത കുറഞ്ഞതിനേത്തുടർന്നാണ് കഞ്ചാവിന്റെയും ലഹരിമരുന്നുകളുടെയും വില്പനയും ഉപഭോഗവും വർദ്ധിച്ചുവന്നതെന്നാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയത് പരിഗണിച്ചും മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയുകയില്ല എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിനും ലഹരിക്കുമെതിരായി ജനകീയ ബോധം വളർത്തിയെടുക്കുന്നതിന് ലക്ഷ്യമിട്ടുമാണ് പുതുക്കിയ മദ്യനയം സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്ന് ലഹരി പദാർത്ഥങ്ങൾ കൊണ്ടുവരുന്നവരെ പിടികൂടുന്നതിനും ലഹരി വസ്തുക്കളുടെ വരവ് പൂർണ്ണമായി തടയുന്നതിനും കർശന നടപടി സ്വീകരിക്കുമോ; | (ബി) & (സി) | കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉറവിടം<br><br>കണ്ടെത്തി ബന്ധപ്പെട്ട സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് ഏജൻസികളുടെ സഹായത്തോടെ നിയമ നടപടികൾ കൈക്കൊള്ളുന്നതിനും വിവരങ്ങൾ പരസ്പരം കൈമാറി ലഹരിവസ്തുക്കൾക്കെതിരായി വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി |
| (സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

വരുന്നതുമാണ്.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**